Since 1951

# Jubilet

Vol. 5, Issue : 6

JUNE 2019

JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE

## Editorial

### സൗഖ്യത്തിന്റെ സ്നേഹക്കൂട്



ജൂൺമാസം കോരിച്ചൊരിയുന്ന മഴയുമായി എത്തിക്കഴിഞ്ഞു. ചൂടുകാലത്തിന്റെ അസ്വസ്ഥതകളിൽ നിന്നും മഴക്കാലത്തിന്റെ തണുപ്പിലേക്ക് പ്രകൃതി കരുത്തോടെ ഉണരുകയായി. പരിശുദ്ധ തിരുഹൃദയത്തിന്റെ തിരുനാൾ ഈ കാലഘട്ടത്തിന് സമ്മാനിക്കുന്നത് സ്നേഹത്തിന്റെ നനവാർന്ന കരുതലിന്റെ ഭാവമാണ്. തിരുഹൃദയമാസം ഏറെ ആലപിക്കപ്പെടുന്ന ഒന്നാണ് “തിരുഹൃദയത്തണലിൽ വിരിയും പനിനീർപ്പൂച്ചെടികൾ” എന്നു തുടങ്ങുന്ന ഗാനം. തിരുഹൃദയം സ്നേഹത്തിന്റെ തണലാണ്. ഏവർക്കും ആശ്വാസം നൽകുന്ന സ്നേഹത്തിന്റെ തണലാണ് അത്. നിസ്വാർത്ഥ സ്നേഹത്തിന്റെ ഈ തണൽമരച്ചുവട്ടിലാണ് മനുഷ്യൻ തന്റെ ജീവിതച്ചൂളയിൽ നിന്നും മുക്തി തേടിവന്നണയുന്നത്.

രോഗികളായി ഇവിടെ വന്നണയുന്നവർക്ക് ‘സൗഖ്യത്തിന്റെ സ്നേഹക്കൂടൊരുക്കുക’ എന്ന പരിപാവനമായ ദൗത്യമാണ് നമുക്കുള്ളത്. ആലങ്കാരികതയുടെ ആന്ദോളനത്തിന്റെ അരികുപറ്റിയാണെങ്കിൽ കൂടിയും ജൂബിലിയെകുറിച്ച് ഇപ്രകാരം ചിന്തിക്കാൻ ധൈര്യപ്പെടുന്നത്, ‘സ്നേഹസൗഖ്യശുശ്രൂഷ ’ എന്ന അടിസ്ഥാന ദൗത്യത്തിന് വർദ്ധിച്ച ഊർജ്ജം നൽകുമെതിൽ സംശയമില്ല. പലവിധ വ്യാധികളാലും ദുരിതങ്ങളാലും മനസ്സുമടുത്ത് നമ്മെ സമീപിക്കുന്നവർക്ക് ആശ്വാസത്തണലായി മാറാനും അതുവഴി സൗഖ്യത്തിന്റെ ജാലകങ്ങളാകാനും നമുക്ക് സാധിക്കണം. തിരുഹൃദയം വാഗ്ദാനം ചെയ്യുന്ന സ്നേഹത്തിന്റെ തണൽ മരങ്ങളാകാൻ അതിനു കീഴെ സൗഖ്യത്തിന്റെ സ്നേഹക്കൂടൊരുക്കാൻ നമുക്കാകണം. അപ്പോഴാണ് ജൂബിലി മിഷൻ അതിന്റെ അടിസ്ഥാനപരമായ കാഴ്ചപ്പാടും ദൗത്യവും നിവർത്തിച്ചെടുക്കുന്നതിൽ വിജയിക്കുക. സ്നേഹ സ്രോതസ്സായ തിരുഹൃദയത്തിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ട് മുന്നോട്ട് പോകാൻ നമുക്കേവർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു പ്രാർത്ഥിക്കുന്നു.

**ഫാ. സിജോ ചെറുവത്തൂർ**
**എഡിറ്റർ**

## ജൂബിലി ആയുർവ്വേദ മിഷൻ ആശുപത്രി ഉദ്ഘാടനം ചെയ്തു



ജൂബിലി ആയുർവ്വേദ മിഷൻ ആശുപത്രി ഉദ്ഘാടനം ചെയ്തു. തൃശൂർ രാമവർമ്മപുരത്താണ് അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്തു പിതാവും, സഹായമെത്രാൻ മാർ ടോണി നീലങ്കാവിലും ചേർന്ന് പുതിയ ആയുർവ്വേദ ആശുപത്രിയുടെ ഉദ്ഘാടനം നിർവഹിച്ചത്.

## ഹൈലൈറ്റ്സ്

* ജൂബിലി ആയുർവ്വേദ മിഷൻ ആശുപത്രി രാമവർമ്മപുരത്ത് ആരംഭിച്ചു.
* ജൂബിലിയിൽ ഇനി വൈകുന്നേരവും ഡോക്ടറെ കാണാം
* ബെസ്ററ് എംപ്ലോയീയും ബെസ്ററ് വാർഡും
* പൂരം എക്സിബിഷനിൽ ജൂബിലി ആശുപത്രിയുടേത് മികച്ച മെഡിക്കൽ പവിലിയൻ.
* “സ്മൃതി” - DMLT കോഴ്സ് അമ്പതാം വാർഷികം.

# വായനാദിനം

കേരള ഗ്രന്ഥശാല സംഘത്തിന്റെ പിന്നിലെ ബുദ്ധികേന്ദ്രവും കെ.എൻ.എഫ്.ഇ.ഡി. സ്ഥാപകനുമായ ശ്രീ. കെ.എൻ പണിക്കരുടെ ചരമദിനമായ ജൂൺ 19 ആണ് വായനാദിനമായി ആചരിക്കുന്നത്. വായന മനുഷ്യനെ പൂർണ്ണനാക്കുകയും, അറിവ് പകർന്ന് നൽകുകയും ചെയ്യുന്നതോടൊപ്പം നമ്മുടെ സംസ്ക്കാരത്തെ തിരിച്ചറിയാനും സഹായിക്കുന്നു. ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം വായന അവന്റെ മുമ്പിൽ തുറന്നിടുന്നത് സ്വാതന്ത്ര്യത്തിലേക്കുള്ള വ്യത്യസ്ത വാതായനങ്ങളാണ്.

നല്ല പുസ്തകങ്ങൾ തലമുറകളിലൂടെ ആയിരം നന്മകൾ വിരിയിക്കുന്നതു പോലെ ചീത്ത പുസ്തകങ്ങൾ നമുക്കിടയിൽ തെറ്റായ ചിന്താധാരകൾക്ക് വഴിയൊരുക്കുന്നു. വായനയോടൊപ്പം നല്ല ചിന്തകൾ കോർത്തിണക്കുമ്പോഴാണ് ഒരു നല്ല മനുഷ്യൻ ഉണ്ടാകുന്നത്. നല്ല പൗരൻ സമൂഹത്തിന്റേയും രാജ്യസൃഷ്ടിയുടേയും അടിസ്ഥാനമാണ്. നമ്മുടെ താത്പര്യത്തിനും, അഭിരുചിക്കും അനുസരിച്ചുള്ള പുസ്തകങ്ങൾ വേണം തിരഞ്ഞെടുത്ത് വായിക്കാൻ.

അറിവിന്റെ അനന്തചക്രവാളത്തിലേയ്ക്കെത്തിക്കുന്ന വായന ഒരു വിനോദോപാധിപോലെ തന്നെ ഒരു കല കൂടിയാണ്. അതിനോടൊപ്പം തന്നെ ചിലവ് കുറഞ്ഞതും ഫലം തരുന്നതുമായ ഒന്നാണ് വായന.

പുസ്തകങ്ങൾ നമ്മുടെ ഉറ്റ സുഹൃത്തുക്കളാണ്. അതുകൊണ്ട് കൈകളിലുണ്ടാകണം ഒരു പുസ്തകം. വീടുകളിലുണ്ടാകണം നമുക്കായി ഒരു ലൈബ്രറി. അങ്ങനെ നല്ലൊരു വായനാസംസ്ക്കാരം ഉണ്ടാകട്ടെ എന്ന് ഈ വായനാദിനത്തിൽ ഓർമ്മപ്പെടുത്തട്ടെ.

"വായിച്ചു വളരുക, ചിന്തിച്ച് വിവേകം നേടുക". – പി. എൻ. പണിക്കർ

Ms. ക്രിസ് തോമസ്, ലൈബ്രേറിയൻ, ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങ്

## ജേർണൽ ക്ലബ്ബ്

ജൂബിലി ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 38–ാമത് ജേർണൽ ക്ലബ്ബ് മീറ്റിങ്ങ് മാർച്ച് 27–ന് സംഘടിപ്പിച്ചു. പുരുഷകോശങ്ങളിൽ 'y' ക്രോമോസോമുകളിൽ ഉണ്ടായിരിക്കേണ്ട 'sry' ജീൻ സ്ഥാനഭ്രംശം സംഭവിച്ച് മൂന്നാമത് ക്രോമസോമിൽ ചേർന്നതുകൊണ്ട് പ്രസ്തുത വ്യക്തിയിൽ ബീജോൽപാദനം പൂർണ്ണമായും നടക്കാതെ വന്നതിനെക്കുറിച്ചുള്ള പഠനത്തെപറ്റിയാണ് യോഗത്തിൽ പാതിപാദിച്ചത്. ഗവേഷണ വിഭാഗത്തിലെ റിസർച്ച് അസിസ്റ്റന്റും പി.എച്ച്.ഡി. ഗവേഷകയുമായ സൗമ്യരാജ് ആണ് പ്രബന്ധം അവതരിപ്പിച്ചത്. തുടർന്ന് നടന്ന ചർച്ചയിൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, ഡോ. ആൻഡ്രൂസ് കാക്കനാട്ട്, ഡോ. സുരേഷ്കുമാർ , ഡോ. ആനി താടിക്കാരൻ, ഡോ. അലക്സ് ജോർജ്, ഡോ. സാലി ഡാനിയേൽ, ഡോ. ബിജു ബാഹുലേയൻ, ഡോ. ദീപ്തി വിജയരാഘവൻ തുടങ്ങിയവർ പങ്കെടുത്തു.

ജൂബിലി ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 41–ാമത് ജേർണൽ ക്ലബ്ബിൽ ഡോ. നീതി വത്സൻ ആയിരുന്നു പ്രഭാഷക. ഇന്റർനെറ്റിന്റെ അമിതോപയോഗം അവബോധ പെരുമാറ്റത്തിൽ വരുത്തുന്ന മാറ്റങ്ങളെക്കുറിച്ചായിരുന്നു പഠനം. ആധുനിക യുഗത്തിൽ ഇന്റർനെറ്റിന്റെ ദുരുപയോഗം വരുത്തുന്ന വിപത്തുകളെകുറിച്ച് അറിവുതരുന്നതായിരുന്നു ലേഖനം. തുടർന്നുള്ള ചർച്ചയിൽ ഡോ. ആൻഡ്രൂസ് കാക്കനാട്ട്, ഡോ. സുരേഷ് കുമാർ, ഡോ. അലക്സ് ജോർജ്, ഡോ. ചിത്തിര, ഡോ. അനിറ്റ എന്നിവർ പങ്കെടുത്തു.




## അഭിനന്ദനങ്ങൾ!

യൂറോപ്യൻ അസോസിയേഷൻ ഓഫ് പോയ്സൺസ് സെന്റേഴ്സ് ആൻഡ് ക്ലിനിക്കൽ ടോക്സിക്കോളജിസ്റ്റ്സ് (EAPCCT) 39–ാമത് അന്തർദേശീയ കോൺഗ്രസ്സിൽവച്ച് ഡോ. സിജു വി. എബ്രഹാം യങ് ഇൻവെസ്റ്റിഗേറ്റർ അവാർഡിന് അർഹനായി. ഇറ്റലിയിലെ നേപ്പിൾസിൽ നടന്ന സമ്മേളനത്തിൽ നടത്തിയ, പാമ്പുകടിയുടെ കാലാവസ്ഥാ വ്യതിയാനവും ഭൂമിശാസ്ത്രവും ബന്ധിപ്പിക്കുന്ന പേപ്പർ അവതരണത്തിനാണ് അവാർഡ് നേടിയത്. എമർജൻസി മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആണ് ഡോ. സിജു വി. എബ്രഹാം.

# Welcome to Jubilee Family

| | | |
|---|---|---|
| 1 | Dr. ATHIRA MUKUNDA | Observer, Neurosurgery |
| 2 | Dr. SARANNYA RAVI | JR RESIDENT, Neurosurgery |
| 3 | Dr. NOEL ANTO | JR RESIDENT, Medical Oncology |
| 4 | Dr. AARATHI DEVAN | SENIOR RESIDENT, Geriatrics |
| 5 | ROBIN K P | AYURVEDA THERAPIST |
| 6 | Dr. HARSHA C | ADMIN CUM AYURVEDA DOCTOR |
| 7 | BERNARD JOY | DATA ENTRY OPERATOR, JMCON |
| 8 | SARIN K S | Canteen |
| 9 | Sr. METILDA PAUL | DY NURSING SUPERINTENDENT |
| 10 | Sr. RITTY CHIRAMMEL | HEAD NURSE |
| 11 | STEFFY JOSE | HR ASSISTANT, H R D |
| 12 | TENOY THOMAS | SR.TECHNICIAN - IT SUPPORT |

### PHARMACIST

13 MARIYA JOSE  
14 SANNA JOSE  
15 RIMSHA RAPHAEL

### Nursing

16 Sr. MARIET  
17 SIJI C P  
18 JEETHU JOY  
19 MILVY VARGHESE  
20 FIJI JOSEPH  
21 SONIYAMOL M G  
22 LINTA GEORGE  
23 JOSMY JOSE  
24 BLESSY VARGHESE  
25 ANUMOL T D  
26 MEERA RANI  
27 SIJI JAMES  
28 HARSHA JAMES K  
29 JINY MATHAPPAN  
30 BLESSY M  
31 AKHILA RAPHAEL  
32 NISHA V T  
33 PILSY MARIYA  
34 SIGI GEORGE  
35 SIMMI T S  
36 SHYMOL P ANTONY  
37 SIMI VARGHESE  
38 SNEHA P B  
39 DINCY DAVIS  
40 CINIMOL ANTONY  
41 SANDHYA LAZAR  
42 SHERIN JOSE  
43 SONIYA P V  
44 TEENU FRANCIS  
45 SIMI JOY  
46 FELBY THOMAS  
47 FENY SCARIA  
48 SINDHU SUSAN  
49 RESHMA V R  
50 CHINJU MATHEW

# അഭിനന്ദനങ്ങൾ!



**നിയോനേറ്റൽ ICU -**
**ബെസ്റ്റ് ഡിപ്പാർട്ട്മെന്റ് ഏപ്രിൽ 2019**



2019 ഏപ്രിൽ മാസത്തെ ബെസ്റ്റ് എംപ്ലോയീ

**ശ്രീമതി റീന സെബാസ്റ്റ്യൻ**

ലാബ് ടെക്നിഷ്യൻ

# യാത്രാ മംഗളങ്ങൾ



ജൂബിലി ആശുപത്രിയിലെ ലാബ്, കൗണ്ടർ, പാത്തോളജി, ഒ. പി കൾ എന്നിവിടങ്ങളിലായി 37 വർഷക്കാലമായി സേവനമനുഷ്ഠിച്ച **ശ്രീമതി മറിയാമ്മ** C A ക്ക് എല്ലാവിധ ആശംസകളും



18 വർഷത്തോളം നിസ്വാർത്ഥമായി ബില്ലിങ് സെക്ഷനിൽ ജോലി ചെയ്ത് റിട്ടയർ ആയ **സൈമൺ** K J ക്ക് യാത്രാമംഗളങ്ങളും ആശംസകളും നേരുന്നു.

# ബ്രെഡ്ഡ് ബർഫി

**ചേരുവകൾ**

1. ഗോതമ്പ് ബ്രഡ്ഡ് (പൊടിച്ചത്) – 6 എണ്ണം 2. പാൽ – 1 കപ്പ് 3. തേങ്ങ ചിരകിയത് – 1 കപ്പ് 4. പഞ്ചസാര – 1 കപ്പ് 5. നെയ്യ് – 3 ടേബിൾ സ്പൂൺ 6. ഏലയ്ക്കാപ്പൊടി – 1/2 ടീസ്പൂൺ 7. നട്സ്, ഉണക്കമുന്തിരി – ആവശ്യത്തിന്

**തയ്യാറാക്കുന്ന വിധം**

* ഒരു പാത്രത്തിൽ ഗോതമ്പ് ബ്രഡ്ഡ് പൊടിച്ചതിൽ പാൽ ചേർത്ത് മിക്സ്ചെയ്ത് 10 മിനിറ്റ് വെയ്ക്കുക.
* പാലിൽ നെയ്യ് ഒഴിച്ച്, തേങ്ങ ചിരകിയത് 2–3 മിനിട്ട് ചൂടാക്കുക. അതിലേക്ക് പഞ്ചസാര ചേർത്ത് മിക്സ് ചെയ്യുക. പഞ്ചസാര അലിയുന്നതുവരെ ഇളക്കുക.
* അതിനുശേഷം ബ്രഡ്ഡ് പൊടിച്ചതും പാലും മിക്സ് ചെയ്തത്, പഞ്ചസാര-തേങ്ങ ചേർത്ത മിശ്രിതത്തിലേക്ക് ചേർത്ത് പാൽ വറ്റുന്നതുവരെ വേവിക്കുക.
* വീണ്ടും കുറച്ച് നെയ്യും ഏലയ്ക്കാപൊടിയും ചേർക്കുക. നട്സ്, ഡ്രൈ ഫ്രൂട്ട്സ് എന്നിവയും ചേർക്കാം.
* സ്റ്റൗ ഓഫ് ചെയ്ത് പരന്ന ഒരു പാത്രത്തിൽ നെയ്യ് തൂവി അതിലേക്ക് ഈ മിശ്രിതം പകർത്തുക. സ്പൂൺ ഉപയോഗിച്ച് പരത്തുക.
* അതിനുശേഷം ഇഷ്ടമുള്ള ആകൃതിയിൽ മുറിച്ചെടുത്ത് കഴിക്കാം.

**ഡയറ്ററി & ന്യൂട്രീഷൻ വിഭാഗം**

## ജൂബിലിയിൽ വൈകുന്നേരങ്ങളിലും ഡോക്ടറെ കാണാം



പൊതുജനങ്ങളുടെ, പ്രത്യേകിച്ച് ജോലിക്കാരുടെയും, വിദ്യാർത്ഥികളുടെയും സൗകര്യാർത്ഥം ജൂബിലി മിഷൻ ആശുപത്രിയിൽ വൈകുന്നേരങ്ങളിൽ ഒ.പി.-കൾ ആരംഭിച്ചിരിക്കുന്നു. ഇതുപ്രകാരം രോഗികൾക്ക് ഇനി മുതൽ വൈകീട്ടും ഡോക്ടറെ ഒ.പി.-യിൽ കാണാവുന്നതാണ്. ജോലി ചെയ്യുന്നവർക്ക് ലീവെടുക്കാതെയും വിദ്യാർത്ഥികൾക്ക് പഠനം മുടക്കാതെയും ഡോക്ടറെ കാണുന്നതിന് ഇത് സഹായകരമാകും. മാത്രമല്ല, എന്തെങ്കിലും ശാരീരിക ബുദ്ധിമുട്ടുകൾ തോന്നുമ്പോൾ അടുത്തദിവസം ഒ.പി.-കൾ തുറക്കുന്നതുവരെ കാത്തിരിക്കേണ്ട ആവശ്യവും ഇല്ല. ഈ പദ്ധതിയുടെ സമർപ്പണം തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ നിർവ്വഹിച്ചു. ജില്ലാ പോലീസ് മേധാവി (റൂറൽ) കെ. പി. വിജയകുമാരൻ ഐ.പി.എസ്., സിനിമാപ്രവർത്തകൻ ലിഷോയ് എന്നിവർ സമർപ്പണചടങ്ങിൽ സന്നിഹിതരായിരുന്നു. പുതുതായി ആരംഭിച്ച ഡയമണ്ട് ജൂബിലി (സർജറി) ബ്ലോക്കിൽ വൈകീട്ട് 4 മുതൽ 7.30 വരെയാണ് ഈ സൗകര്യം ലഭ്യമാകുക. എല്ലാ പ്രധാനവിഭാഗങ്ങളിലെ ഡോക്ടർമാരുടേയും സേവനം ലഭ്യമായി രിക്കും. 0487 2432292 എന്ന നമ്പറിൽ വിളിച്ച് ഡോക്ടറെ ബുക്ക് ചെയ്യാവുന്നതാണ്.



പൂരം എക്സിബിഷനിൽ മികച്ച മെഡിക്കൽ പവിലിയനുള്ള അവാർഡ് ജൂബിലി മിഷൻ ആശുപത്രിയുടെ പവിലിയൻ നേടി.




## Smriti

**ജൂബിലിയിൽ CMAI MLT കോഴ്സ് അരംഭിച്ചതിന്റെ അമ്പതാം വാർഷികം ആഘോഷിച്ചു. പൊതുയോഗവും, CME യുമായിരുന്നു ഒരു ദിവസം നീണ്ട ആഘോഷ പരിപാടികൾ.**



## ആയുർവ്വേദം കാലാതീതം

പല അമ്മമാരുടെയും വലിയ ഒരു പരാതിയാണ് – കുഞ്ഞ് ജനിച്ച സമയത്ത് നല്ല നിറം ഉണ്ടായിരുന്നു. പിന്നെ കറുത്തുപോയി എന്ന്. പല മുതിർന്നവരിലും ഈ പ്രശ്നം കണ്ടിട്ടുണ്ട്. അമിതമായി വെയിലേറ്റാൽ കറുത്തുപോകുമെന്ന് നമുക്കറിയാം. അങ്ങനെയല്ലാത്തവരും കറുത്തുപോകുന്നു. ആയുർവ്വേദ ശാസ്ത്രപ്രകാരം അമിതമായി എരിവ് രസം കഴിച്ചാലും നാം കറുത്തുപോകും. ശരീരത്തിലെ ദഹനവ്യവസ്ഥ തകരാറിലായാലും ഇത് സംഭവിക്കാം. കൃമിശല്യം കൂടുതലുള്ളവരിൽ ദഹനവ്യവസ്ഥ തകരാറിലാകുന്നതിന്റെ ഭാഗമായി കൃഷ്ണവർണ്ണം കാണാറുണ്ട്. ഉള്ളിൽ ചെറിയ പനിയുണ്ടെങ്കിലും നാം കറുത്തുപോകും. ഒരിക്കൽ ഒരു സ്ത്രീ മുഖം കറുത്തുപോയതിന് ചികിത്സയ്ക്ക് വന്നിരുന്നു. രോഗചരിത്രം പരിശോധിച്ചപ്പോൾ വർഷങ്ങളായി മൂത്രപഴുപ്പ് ഉള്ള സ്ത്രീയാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. അതിനാൽ മൂത്രപഴുപ്പിന് മാത്രം മരുന്നുകൊടുത്തു. അതിനുശേഷം മൂത്രപഴുപ്പ് കുറയുന്നതിന് അനുസരിച്ച് മുഖത്തെ നഷ്ടപെട്ടു പോയ നിറം വീണ്ടെടുക്കാൻ സാധിച്ചു. അമിതമായ അസിഡിറ്റി ഉള്ളവരിലും ഈ പ്രവണത കാണാറുണ്ട്. എരിവ് രസമില്ലാത്ത ആയുർവ്വേദമരുന്നുകൾകൊണ്ട് കാച്ചിയ എണ്ണ തേയ്ക്കുന്നത് നല്ലതാണ്. മധുരരസപ്രധാനമായ ഭക്ഷണ സാധനങ്ങൾ (ബേക്കറി ഒഴികെ) പാൽ, ആപ്പിൾ മുതലായവ സ്ഥിരമായി കഴിക്കുന്നത് നല്ലതാണ്.

**ഡോ. അനുമോദ് കാക്കശ്ശേരി,** എം. ഡി. ആയുർവ്വേദം
സീനിയർ കൺസൾട്ടന്റ്, ജൂബിലി ആയുർവ്വേദ



Editorial Board Fr. Sijo Cheruvathoor | Dr. Benny Joseph | Dr. Aswath | Mr. Baby | Mr. Noble | Mr. Anto Twinkle
Ms. Suma Paul | Ms. Deepa Tom | Ms. Raki K. V. | Ms. Nicy Antony | Ms. Chippy | Ms. Dinu